(സി) നെടുങ്കണ്ട മുതൽ നടയറ വരെയുള്ള ജലപാത വികസനത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ എന്നും അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) തിരുവനന്തപുരം-ഷൊർണ്ണൂർ ജലപാതയുടെ ഭാഗമായ കൊല്ലം മുതൽ കോട്ടപ്പുറം (കൊടുങ്ങല്ലൂർ) വരെയുള്ള ദേശീയജലപാത III ആയി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഈ ഭാഗത്തു വരുന്ന എല്ലാ വികസന പ്രവർത്തനങ്ങളും കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള 'ഇൻലാൻഡ് വാട്ടർ വേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ' യുടെ മേൽ നോട്ടത്തിൽ കേന്ദ്ര സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ചാണ് ചെയ്യുന്നത്. ശേഷിക്കുന്ന ഭാഗത്തിന്റെ പുനരുദ്ധാരണ പണികൾ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയോ മറ്റ് ഏജൻസികളുടെ ധനസഹായം വഴിയോ ഏറ്റെടുത്തു നടത്തി വരുന്നു. ഇതിൽ ഉൾപ്പെടുന്ന കോവളം മുതൽ കൊല്ലം വരെയുള്ള ജലപാതയുടെ വികസനത്തിനായി 36.39 കോടി രൂപ മതിപ്പു ചെലവു വരുന്ന ഒരു പ്രോജക്ട് റിപ്പോർട്ട് നബാർഡിനും കേന്ദ്ര സർക്കാരിനും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുവേണ്ടി സർക്കാർ സമർപ്പിച്ചിട്ടുണ്ട്.

(ബി) കൊല്ലം-കോവളം ഭാഗത്തുൾപ്പെടുന്ന ആയൂർ മുതൽ പൂന്തുറ വരെയുള്ള 13 കി.മി.കനാലിന്റെ ചെളി നീക്കം ചെയ്ത് ആഴം കൂട്ടുന്നതിനുള്ള ജോലികൾ 181 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ ടൂറിസം വകുപ്പിന്റെ സഹായത്തോടെ നടന്നു വരികയാണ്.

(സി) ഉണ്ട്. 36.39 കോടി രൂപ മതിപ്പു ചെലവു വരുന്ന പ്രോജക്ട് റിപ്പോർട്ടിൽ നെടുങ്കണ്ട മുതൽ വടകര വരെയുള്ള ജലപാതയുടെ വികസനവും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഈ ഭാഗത്തിൽ ഉൾപ്പെട്ട ചിലയൂർ-വള്ളക്കടവ് മുതൽ നടയറ വരെയുള്ള കനാലിന്റെ വികസനത്തിന് 330 ലക്ഷം രൂപ മതിപ്പു ചെലവു വരുന്ന ഒരു എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

മുല്ലപ്പെരിയാർ അണക്കെട്ടിന് കേടുപാടുകൾ

67 (68) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത കാലത്ത് സംസ്ഥാനത്ത് ഉണ്ടായ ഭൂമികുലുക്കത്തിൽ മുല്ലപ്പെരിയാർ അണക്കെട്ടിന് ഏതു രീതിയിലുള്ള കേടുപാടുകൾ ആണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) മുല്ലപ്പെരിയാർ ഡാമിന്റെ ഉയരം കൂട്ടണമെന്നുള്ള തമിഴ്നാട് സർക്കാരിന്റെ ആവശ്യം സംബന്ധിച്ച കാര്യത്തിൽ ഭൂമി കുലുക്കംമൂലം ഡാമിനുണ്ടായ ബലക്ഷയത്തെക്കുറിച്ച് സംസ്ഥാന സർക്കാർ സുപ്രീംകോടതിയേയും തമിഴ്നാട് സർക്കാരിനേയും രേഖാമൂലം അറിയിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ അത് വ്യക്തമാക്കുമോ ;

ഉത്തരം

(എ) ഭൂചലനത്തിനുശേഷം മുല്ലപ്പെരിയാറിൽ നടത്തിയ പരിശോധനയിൽ ചില വിള്ളലുകളും ചോർച്ചയും കാണപ്പെട്ടിരുന്നു. എന്നാൽ ഇവ ഭൂചലനംമൂലം സംഭവിച്ചതാണോ എന്ന് തിട്ടപ്പെടുത്താൻ കൂടുതൽ സാങ്കേതിക പരിശോധനകൾ ആവശ്യമാണെന്നായിരുന്നു വിദഗ്ദ്ധാഭിപ്രായം. അതനുസരിച്ച് ഒരു വിദഗ്ദ്ധ സംഘം വിശദമായ പഠനം നടത്തി വരുന്നുണ്ട്.

(ബി&സി) ഭൂചലനം ഉണ്ടായതിന് ശേഷം നടത്തിയ പരിശോധനകളിൽ മുല്ലപ്പെരിയാർ ഡാമിൽ ചിലയിടങ്ങളിൽ വിള്ളലുകളും ചോർച്ചയും കാണപ്പെട്ടതിനാൽ തമിഴ്നാട് വിദഗ്ദ്ധർ ഉൾപ്പെടെയുള്ളവരുടെ കൂട്ടായ പരിശോധന നടത്താൻ തമിഴ്നാടിന്റെ സഹകരണം ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിലുള്ള ഉത്കണ്ഠ തമിഴ്നാടിനേയും സുപ്രീംകോടതിയേയും അറിയിക്കുകയുണ്ടായിട്ടുണ്ട്.

ലോക്കൽ ഫണ്ട് ആഡിറ്റ് സബ് ആഫീസുകളിലേക്ക് ജീവനക്കാരെ നിയമിക്കുന്നതിന് നിലവിലുള്ള മാനദണ്ഡം

68 (69) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറമ്പിക്കുളം കരാർ വ്യവസ്ഥപ്രകാരം കേരളം തമിഴ്നാടിന് കൊടുക്കേണ്ടതായ ഡാം നിർമ്മാണ ചെലവിന്റെ വിഹിതം തമിഴ്നാട് രേഖാമൂലം ആവശ്യപ്പെട്ടിട്ടും കേരളം കൊടുക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) പറമ്പിക്കുളം-അലിയാർ കരാറുണ്ടാക്കുന്നതിനെ സംബന്ധിച്ച് കേരള തമിഴ്നാട് മന്ത്രിതല ചർച്ചയുടെ മിനിട്സിന്റെ പകർപ്പുകൾ നൽകുമോ ?

ഉത്തരം

(എ) പറമ്പിക്കുളം-അലിയാർ കരാറിന്റെ ഷെഡ്യൂൾ 2 ഖണ്ഡിക മൂന്നിൽ വിഭാവനം ചെയ്ത പ്രകാരം പറമ്പിക്കുളം ഗ്രൂപ്പിൽ നിന്നും തമിഴ്നാടിന് അവകാശപ്പെട്ട 16.5 ടി.എം.സി. ഫീറ്റ് ജലത്തിന് മുകളിൽ വരുന്ന 2.5 ടി.എം.സി. ഫീറ്റ് ജലമാണ് കേരളത്തിന് ലഭ്യമാക്കേണ്ടത്. മഴ കൂടുതലായി ഉണ്ടായിരുന്ന ഒന്ന്, രണ്ട് വർഷങ്ങളിലൊഴികെ കേരളത്തിന് ഈ ജലം ലഭിച്ചിട്ടില്ല എന്നതിനാൽ പറമ്പിക്കുളം ഗ്രൂപ്പു ഡാമുകളുടെ നിർമ്മാണച്ചെലവിന്റെ വിഹിതം തമിഴ്നാടിന് നൽകുന്നകാര്യം പരിഗണിച്ചിട്ടില്ല.

(ബി) രണ്ട് സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ടു കിടക്കുകയും ഔദ്യോഗിക രേഖകളുടെ ഭാഗവുമായതിനാൽ ഇവ കൈമാറുന്നത് ഉചിതമായിരിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly